BRITISHമലയാളി.co.uk
britishmalayali.co.uk
Comprehensive News portal for UK Malayalees

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# സീറോ മലബാർ ഇംഗ്ലീഷ് കുർബാന ഗാനങ്ങൾക്ക് പരിശീലനം നൽകാൻ ഫാ: ജോസഫ് പാലയ്ക്കൽ നാളെ ബർമിങ്ങാമിൽ

Jul 15, 2018 | 7:47 |



ഫാ: ബിജു കുന്നയ്ക്കാട്ട്

ബർമിങ്ഹാം: സീറോ മലബാർ വി. കുർബാന ഇംഗ്ലീഷ് ഭാഷയിൽ അർപ്പിക്കുമ്പോൾ ഉപയോഗിക്കുന്ന കുർബാന ഗീതങ്ങൾക്ക് പരിശീലനം നൽകാൻ ഫാ: ജോസഫ് പാലയ്ക്കൽ സിഎംഐ നാളെ ബർമിങ്ഹാമിലെത്തുന്നു. മാർതോമാ ക്രിസ്ത്യാനികളുടെ പൗരാണിക ആരാധനാ ഭാഷയും യേശു ഉപയോഗിച്ചിരുന്ന അരമായ ഭാഷയുടെ പുതിയ രൂപവുമായ സുറിയാനി ഭാഷയിൽ ഗവേഷണം നടത്തുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ പ്രഗത്ഭനായ ഫാ: പാലയ്ക്കൽ ഇംഗ്ലീഷ് കുർബാനയുടെ ഗാനങ്ങൾ പഠിപ്പിക്കുന്നതിലും ശ്രദ്ധേയനാണ്.

ഗാനപരിശീലന പരിപാടി വൈകിട്ട് ഏഴു മണി മുതൽ 10 മണിവരെയാണ് ക്രമീകരിച്ചിരിക്കുന്നത്. ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ ബർമിങ്ഹാമിനു സമീപമുള്ള റീജിയണുകളിലെ വി. കുർബാന കേന്ദ്രങ്ങളിൽ ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നവരെയാണ് പ്രധാനമായും ഈ പരിശീലന പരിപാടിയിലേക്ക് ഉദ്ദേശിക്കുന്നത്. ഇംഗ്ലീഷ് ഒന്നാം ഭാഷയായി വളർന്നു വരുന്ന യുകെയിലെ യുവ തലമുറയ്ക്ക് ഇംഗ്ലീഷ് ഭാഷയിൽ അർപ്പിക്കപ്പെടുന്ന വി. കുർബാനയിൽ കൂടുതൽ സജീവമായി പങ്കു ചേരാൻ സഹായിക്കുന്നതിനു വേണ്ടിയാണ് ഇംഗ്ലീഷ് ഭാഷയിൽ ഇവിടെ സീറോ മലബാർ വി. കുർബാന അർപ്പിക്കുവാൻ രൂപത ഉദ്ദേശിക്കുന്നത്.

**സ്ഥലത്തിന്റെ വിലാസം**

Castle Vale Church 2, Renfrew Square B35 6JT

സ്സ